<u>പതിനാലാം കേരള നിയമസഭ</u>

<u>രണ്ടാം സമ്മേളനം</u>

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ. 1814      05-10-2016-ൽ മറുപടിയ്ക്ക്

<u>'പഠനമുറി ' സഹായ പദ്ധതി</u>

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ. എ.പി. അനിൽ കുമാർ<br>'' വി.പി. സജീന്ദ്രൻ<br>'' ഐ.സി. ബാലകൃഷ്ണൻ<br>'' വി.ഡി. സതീശൻ | | ശ്രീ. എ.കെ.ബാലൻ<br>(പട്ടികജാതി പട്ടികവർഗ്ഗ പിന്നാക്കസമുദായ ക്ഷേമവും, നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി) | |
| എ) | പട്ടികജാതി വിഭാഗത്തിലുള്ള വിദ്യാർത്ഥികൾക്ക് പഠനമുറി സഹായ പദ്ധതി ആവിഷ്കരിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ വിശദാംശം നൽകുമോ; | എ) | ഉദ്ദേശിക്കുന്നുണ്ട്. പഠന സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിന്റെ ഭാഗമായി പട്ടികജാതി വിഭാഗത്തിലുള്ള വിദ്യാർത്ഥികൾക്ക് 'പഠനമുറി ' നിർമ്മിക്കുന്നതിനുള്ള ഒരു പദ്ധതി ആവിഷ്കരിക്കുന്നതിനുള്ള പ്രൊപ്പോസൽ പരിശോധിച്ചു വരുന്നു. വീടിനോട് ചേർന്ന് 120 സ്ക്വയർഫീറ്റ് വിസ്തൃതിയുള്ളതും മേൽക്കൂര കോൺക്രീറ്റ് ചെയ്തും തറ ടൈൽസ് പാകിയതുമായ മുറിയിൽ പുസ്തകം സൂക്ഷിക്കുന്നതിനുള്ള ഭിത്തി അലമാര (2 കുട്ടികൾക്കാവശ്യമുള്ളത്) ലൈറ്റ്, ഫാൻ, സ്റ്റഡിഡെസ്ക്, 3 പ്ലാസ്റ്റിക് കസേരകൾ, കമ്പ്യൂട്ടർ, കമ്പ്യൂട്ടർ ടേബിൾ എന്നീ സൗകര്യങ്ങൾ ഒരുക്കാനാണ് ഉദ്ദേശിക്കുന്നത്. |
| ബി) | പട്ടികജാതി വിഭാഗത്തിലെ വിദ്യാർത്ഥികൾക്കുള്ള 'പഠനമുറി ' സഹായ പദ്ധതി പ്രകാരം ഓരോ ജില്ലയിലും എത്ര വിദ്യാർത്ഥികൾക്കാണ് ധനസഹായം അനുവദിക്കുന്നതെന്ന് വ്യക്തമാക്കുമോ; | (ബി) യും (സി) യും | അടുത്ത 5 വർഷം കൊണ്ട് 10,000 (പതിനായിരം) പഠനമുറികൾ നിർമ്മിച്ചു നൽകുവാനാണ് ഉദ്ദേശിക്കുന്നത്. വകുപ്പിന്റെ കോർപ്പസ് ഫണ്ട് ഉപയോഗിച്ച് ഈ പദ്ധതി നടപ്പാക്കുന്നതാണ് |
| സി) | ഈ വർഷത്തെ ബജറ്റിൽ ഇതിനായി തുക വകയിരുത്തിയിട്ടുണ്ടോ; ഉണ്ടെങ്കിൽ എത്ര കോടി രൂപയാണ് വകയിരുത്തിയിരിക്കുന്നത് ? | | |

സെക്ഷൻ ഓഫീസർ